സ.ഉ.(സാധാ) നം.896/2023/ID

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റ സ്ഥാനക്കയറ്റ നിയമനം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.896/2023/ID തീയതി,തിരുവനന്തപുരം, 05-09-2023

പരാമർശം:- 1. 15/06/2023 തീയതിയിലെ സ.ഉ. (പി) നം. 50/2023/വ്യവ

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 11/08/2023 തീയതിയിലെ ഡിഐസി/12878/2018-ഇഡി2 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (2) ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വ്യവസായ വാണിജ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും, പരാമർശം (1) -ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരെ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 a (1) പ്രകാരം Rs. 56,500/- - Rs. 1,18,100/- ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനവും നടത്തി ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

<u>സ്ഥലംമാറ്റം</u>

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സ്മിത. പി-യെ (പെൻ:- 381944) സ്ഥലംമാറ്റി കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

<u>സ്ഥാനക്കയറ്റം</u>

1. മഞ്ചേരി താലൂക്ക് വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീമതി. എം.എസ്. സുനിതയ്ക്ക് (പെൻ:-394540) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സ്മിത. പി-യെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. നിതിൻ. കെ-യ്ക്ക് (പെൻ:-418744) അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
അണ്ടർ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
കൈത്തറി വസ്ത്ര ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം & കോഴിക്കോട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 05-09-2023 11:52:17
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
വ്യവസായ (എ) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ